**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 764** **28-06-2022 - ൽ മറുപടിയ്ക്ക്**

**പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലത്തെ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടക്കുന്ന കോതമംഗലം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ കോർട്ട് യാർഡിന്റെ ടൈൽ വർക്കുകൾ,കുഴൽകിണർ,മഴവെള്ളസംഭരണി എന്നിവ ഒഴികെ മറ്റ് നിർമ്മാണ ജോലികളെല്ലാം പൂർത്തിയായിട്ടുണ്ട്. റിക്കാർഡ് റൂമിലെ കോംപാക്ടർ സംവിധാനം,ലിഫ്റ്റ് സംവിധാനം എന്നിവ സ്ഥാപിച്ചിട്ടില്ല. |
| (ബി) | പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിൽ എന്തെല്ലാം സൗകര്യങ്ങളാണ് തയ്യാറാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | പൊതുജനങ്ങൾക്കുള്ള വാഹനപാർക്കിംഗ് സൗകര്യം, റാമ്പ്, ശുചിമുറികൾ, വെയ്റ്റിംഗ് റൂം, റിക്കാർഡ് റൂമിലെ കോംപാക്ടർ, ലിഫ്റ്റ്, കുഴൽകിണർ, മഴവെള്ളസംഭരണി എന്നീ സൗകര്യങ്ങൾ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിൽ തയ്യാറാക്കുന്നുണ്ട്. |
| (സി) | ഇതിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | റിക്കാർഡ് റൂമിലെ കോംപാക്ടർ, ലിഫ്റ്റ്, കുഴൽകിണർ, മഴവെള്ളസംഭരണി നിർമ്മാണം, കോർട്ട് യാർഡിന്റെ ടൈൽ വർക്കുകൾ എന്നിവ ഒഴികെ ബാക്കിയെല്ലാ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | മുഴുവൻ പ്രവൃത്തികളും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ഡി) | 2022 ജൂലൈ മാസം 31-തീയതിയോടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിന്റെ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരന് ഒരു ലക്ഷത്തി എഴുപത്തയ്യായിരം രൂപ പിഴ ചുമത്തുകയും നിർമ്മാണജോലികൾ വേഗത്തിലാക്കുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | (എഫ്) | നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരന് ഒരു ലക്ഷത്തി എഴുപത്തയ്യായിരം രൂപ പിഴ ചുമത്തുകയും നിർമ്മാണജോലികൾ വേഗത്തിലാക്കുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ